THURSDAY 09-12-2021 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**


**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 09/12/2021

1. കേരള കാർഷിക സർവകലാശാലയുടെ വെള്ളാനിക്കര സെൻട്രൽ ഓഡിറ്റോറിയത്തിൽ ഇന്ന് (ഡിസംബർ 9) രാവിലെ 10.15-നു നടക്കുന്ന ബിരുദദാനച്ചടങ്ങിൽ ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാൻ ബിരുദദാനം നിർവഹിക്കും. കൃഷി മന്ത്രി പി. പ്രസാദ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഐ സി എ ആർ ഡയറക്ടർ ജനറൽ ത്രിലോചൻ മൊഹാപത്ര മുഖ്യ പ്രഭാഷണം നടത്തും. ബിരുദ ബിരുദാനന്തര തലത്തിൽ റാങ്ക് നേടിയവർക്കുള്ള മെഡലുകളും ഐ സി എ ആർ നിർദേശമനുസരിച്ച് ഏർപ്പെടുത്തിയ ബെസ്ററ് ടീച്ചർ അവാർഡും സമ്മാനിക്കും.

2. ക്ഷീരഗ്രാമം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (ഡിസംബർ 9-ന്) കോഴിക്കോട് ജില്ലയിലെ പൂളക്കൂലിൽ വച്ച് മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും.

3. കർഷകരുടെ വരുമാന വർദ്ധനവിനോടൊപ്പം മാംസോത്പാദനത്തിൽ സ്വയം പര്യാപ്തതയും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന മെയിൽ കാഫ് ഫാറ്ററിങ് യുണിറ്റ് എന്ന പദ്ധതിയുടെ ഭാഗമായ പോത്തുക്കുട്ടി പരിപാലന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കാവിലുംപാറ ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്ത് വെച്ച് ഇന്ന് (9.12.2021) ഉച്ചതിരിഞ്ഞു 2.30 മണിക്ക് മൃഗ സംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കുന്നു.

4. കൃഷിയോഗ്യമായ നെൽപ്പാടങ്ങളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000/- രൂപ നിരക്കിൽ കഴിഞ്ഞ വർഷം അനുവദിച്ച റോയൽറ്റി എല്ലാ വർഷവും തുടരുമെന്ന് കൃഷിമന്ത്രി പി. പ്രസാദ് പറഞ്ഞു. നെൽവയൽ സംരക്ഷിച്ച് നെൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെൽവയലുകൾ സംരക്ഷിക്കുന്നതിലൂടെ പരിസ്ഥിതി സംരക്ഷണവും സാധ്യമാക്കുന്നതിനും വേണ്ടി കൃഷിയോഗ്യമായ നെൽവയലുകളുടെ ഉടമസ്ഥർക്ക് ഒരു ഹെക്ടറിന് 2000 രൂപ നിരക്കിൽ എല്ലാവർഷവും, വർഷത്തിൽ ഒരു തവണ റോയൽറ്റി അനുവദിക്കുന്നതിന് തീരുമാനമായതായി മന്ത്രി അറിയിച്ചു.

5. എറണാകുളം ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം ജനുവരി ആദ്യ വാരത്തിൽ **എള്ള് കർഷക സംഗമം** നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. കരഭൂമികളിലോ നെൽകൃഷിയിടങ്ങളിൽ ഇടവിളയായോ,

പരമ്പരാഗതമായി എള്ള് കൃഷി ചെയ്തു വരുന്ന എറണാകുളം ജില്ലയിലെ കർഷകരുടെ കൂട്ടായ്മ രൂപീകരിച്ച് എള്ള് കൃഷി മേഖലയിലെ നിലവിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനോടൊപ്പം ജില്ലയിൽ ഉൽപാദിപ്പിക്കുന്ന എള്ള് കേന്ദ്രീകൃതമായി സംഭരിച്ചു മൂല്യ വർദ്ധനം നടത്തി ബ്രാൻഡ് ചെയ്തു വിപണനം നടത്തുന്നതിനുള്ള സാധ്യതകൾ ചർച്ച ചെയ്യുക എന്നതാണ് ലക്ഷ്യം. കൂട്ടായ്മയുടെ ഭാഗമാകുവാൻ താല്പര്യമുള്ള കർഷകർ **8281757450** എന്ന നമ്പറിൽ പ്രവർത്തിദിനങ്ങളിൽ 10 നും 4 നും ഇടയിൽ വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. സപ്ലൈകോയുടെ 2021-22 ഒന്നാം വിള സീസൺ നെല്ല് സംഭരണത്തിനായുള്ള രജിസ്ട്രേഷൻ ഈ മാസം 13 മുതൽ 18 വരെ (ഡിസംബർ 13 മുതൽ 18 വരെ) സപ്ലൈകോയുടെ വെബ്സൈറ്റായ www.supplycopaddy.in എന്ന സൈറ്റിലൂടെ ചെയ്യാവുന്നതാണെന്ന് ആലപ്പുഴ പാഡി മാർക്കറ്റിംഗ് ഓഫീസർ അറിയിച്ചു.

7. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ലോക മണ്ണുദിനാചരണത്തിന്റെ ഭാഗമായി **'മണ്ണുപരിശോധനാ പരിപാടി'** സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ മണ്ണ് സാമ്പിളുകൾ ഈ മാസം 10-ാം (ഡിസംബർ 10) തീയതിക്കുള്ളിൽ കൃഷി വിജ്ഞാന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി **9400483754** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

8. റബ്ബർതോട്ടമേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി റബ്ബർബോർഡ് നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികൾക്ക് അപേക്ഷ നൽകാം. തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസധനസഹായം പതിനൊന്നാം ക്ലാസ്സു മുതലുള്ള കുട്ടികൾക്കാണ് നൽകുന്നത്. ബിരുദതലം മുതലുള്ളവർ പരീക്ഷയ്ക്കുള്ള ഹാൾടിക്കറ്റ് ലഭിച്ചശേഷം നാലുമാസത്തിനുള്ളിൽ അപേക്ഷ നൽകിയിരിക്കണം. ഭവനരഹിതരായ തൊഴിലാളികൾക്ക് സ്വന്തം സ്ഥലത്ത് വീടുപണിയുന്നതിന് ധനസഹായം ലഭിക്കും. ചെറുകിടത്തോട്ടങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ചികിത്സാച്ചെലവിന്റെ ഒരു നിശ്ചിതതുകയും ധനസഹായമായി നൽകും. ചെറുകിടത്തോട്ടങ്ങളിൽ ജോലിചെയ്യുന്ന സ്ത്രീകളായ ടാപ്പർമാരുടെയും അവരുടെ രണ്ട് പെൺമക്കളുടെയും വിവാഹത്തിനും

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ബോർഡ് ധനസഹായം നൽകും. അതോടൊപ്പം സ്ത്രീടാപ്പർമാർക്ക് പ്രസവച്ചെലവുകൾക്ക് നിശ്ചിതതുക സഹായധനമായി നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുകളിലോ 0481 2576622 എന്ന കോൾസെന്റർ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടികൾ

9. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ഡിസംബർ 9-ന്) രാവിലെ 11 മണിക്ക് **മാവ് പുഷ്പിക്കുന്നതിന്** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

10. മൃഗക്ഷേമവുമായി ബന്ധപ്പെട്ട പെറ്റ് ഷോപ്പ് റൂൾ, മാർക്കറ്റ് റൂൾ, നാട്ടാന പരിപാലന നിയമം, ഡോഗ് ബ്രിഡിംഗ് റൂൾ, പി സി എ ആക്ട്, എ ബി സി ഡോഗ് റൂൾ, പഞ്ചായത്ത് രാജ് ആക്ട് എന്നീ നിയമങ്ങളെ സംബന്ധിച്ചുള്ള ഒരു ബോധവത്ക്കരണ വെബിനാർ സംഘടിപ്പിക്കുന്നു. താൽപര്യമുള്ള പൊതുജനങ്ങൾ, പെറ്റ്ഷോപ്പ് ഉടമസ്ഥർ, ഡോഗ് ബ്രിഡേഴ്സ് എന്നിവർ **9995284127** എന്ന നമ്പരിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി **ഡിസംബർ 18** ആണ്.

11. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഡിസംബർ 15, 16, 17 തീയതികളിൽ രാവിലെ 10 മണി മുതൽ **'കന്നുകാലികളിലെ രോഗങ്ങളും പ്രതിരോധ മാർഗങ്ങളും'** എന്ന വിഷയത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി **9400483754** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

12. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 13 മുതൽ 18 വരെ **തെങ്ങിന്റെ ചങ്ങാതിക്കൂട്ടം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496 2966041** എന്ന നമ്പരിൽ ബന്ധപ്പെടുക.

13. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ സ്പ്രേയിങ് നടത്തുന്നതിലും സ്പ്രേയിങ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളിലും ഈ മാസം 10-ന് (ഡിസംബർ 10)

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഏകദിനപരിശീലനം നൽകുന്നു. കോവിഡ് പെരുമാറ്റച്ചട്ടങ്ങൾ പാലിച്ചുകൊണ്ടായിരിക്കും പരിശീലനം നടത്തുക. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം